"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പത്തനംതിട്ട കുളത്തൂർ സെന്റ് ജോസഫ്സ് എച്ച്.എസ്. ലെ 2023-24 വർഷത്തെ തസ്തിക പുനർ നിർണയവുമായി ബന്ധപ്പെട്ട് ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10307/2025/GEDN തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-

1. ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 05.03.2025 ലെ റിവ്യൂ ഹർജി.
2. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.05.2025 ലെ DEOTVL/680/2025-B5 നമ്പർ കത്ത്.
3. പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 13.05.2025 ലെ DDEPTA/989/2025-B3 നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21.05.2025 ലെ RA4/8107/2025/ഡി.ജി.ഇ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട കുളത്തൂർ സെന്റ് ജോസഫ്സ് എച്ച്.എസ്. കോർപ്പറേറ്റ് മാനേജർ 2023-24 വർഷത്തെ തസ്തിക പുനർ നിർണയത്തിൽ അധിക തസ്തികയായി അനുവദിച്ച 2 യു.പി.എസ്.റ്റി. തസ്തികകൾ സ്ഥിരം തസ്തികയായി പുന:സ്ഥാപിച്ചു നൽകണമെന്നതിനായി പരാമർശം 1 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ടവരുടെ വാദം 14/05/2025 തീയതിയിൽ കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരനായ മാനേജരുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.**

"ടി സ്കൂളിന്റെ കെട്ടിടത്തിനുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാൽ 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ 5 യു.പി.എസ്.റ്റി. തസ്തികയിൽ 2 എണ്ണം കുറവ് വരുത്തിയിരുന്നു. 28/12/2023-ലെ ജി.ഒ.(ആർ.റ്റി) നം.8306/2023/പൊവിവ പ്രകാരം 2022-23 വർഷത്തെ തസ്തിക നിർണയം പുന:ക്രമീകരിക്കുകയും 5 യു.പി. ഡിവിഷനും 5 യു.പി.എസ്.റ്റി. തസ്തികകളും അനുവദിക്കുകയും ചെയ്തിരുന്നു. 2023-24-ലെ തസ്തിക നിർണയത്തിൽ 2022-23-ൽ

കുറവ് ചെയ്ത 2 യു.പി.എസ്.റ്റി. തസ്തികകൾ അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ശിപാർശ ചെയ്തിരുന്നു. ജി.ഒ.(എം.എസ്) നം.106/2024/പൊവിവ തീയതി 23/08/2024-ന്റെ അടിസ്ഥാനത്തിൽ 2023-24-ലെ തസ്തിക നിർണയം നടത്തിയപ്പോൾ 2 യു.പി. അധിക ഡിവിഷനും 2 യു.പി.എസ്.റ്റി. അധിക തസ്തികകളുമാണ് അനുവദിച്ചത്. (5-ാം ക്ലാസ്സിൽ-1, 6-ാം ക്ലാസ്സിൽ-1)

2022-23 വർഷം യു.പി.എസ്.റ്റി. തസ്തിക 5 എണ്ണമായി പുന:ക്രമീകരിച്ചു. എന്നാൽ 2023-24-ൽ അത് 3 സ്ഥിരം തസ്തികയും 2 അധിക തസ്തികയുമായി നിർണയിച്ചത് നിലവിൽ സേവനത്തിൽ തുടരുന്ന അദ്ധ്യാപകർക്ക് വേതനം ലഭിക്കുന്നതിന് തടസ്സം വരുത്തുന്നു. 2022-23-ൽ അനുവദിച്ച 5 സ്ഥിരം യു.പി.എസ്.റ്റി. തസ്തികകൾ 2023-24 വർഷത്തിലും അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു."

**3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്:**

"2019-20 വർഷം ടി സ്കൂളിൽ 5 യു.പി.എസ്.റ്റി. തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 2021-22 വർഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ചലഞ്ച് ഫണ്ട് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പഴയ കെട്ടിടം പൊളിച്ചു മാറ്റിയതിനാൽ കുട്ടികളെ താല്ക്കാലികമായി പള്ളിയുടെ പാരിഷ് ഹാളിലും പള്ളിയുടെ തന്നെ മറ്റു കെട്ടിടങ്ങളിലുമായി ക്രമീകരിച്ചിരുന്നു. 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ, താല്ക്കാലികമായി ക്ലാസ്സ് നടത്തിയിരുന്ന പള്ളിവക കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് മാനേജർ ഹാജരാക്കാതിരുന്നതിനാൽ 2022-23-ൽ എഞ്ചിനീയർ ലഭ്യമാക്കിയ മറ്റു കെട്ടിടങ്ങളുടെ ഫിറ്റ്നെസിന്റെ അടിസ്ഥാനത്തിൽ 12 ക്ലാസ്സ് ഉള്ളതായി കണക്കാക്കുകയും 4 എക്സ്ട്രാ സ്പേസ് ഒഴിവാക്കി 8 ക്ലാസ്സ് മുറികൾ തസ്തിക നിർണയത്തിനു പരിഗണിക്കുകയും, അതനുസരിച്ച് 2019-20 വർഷം അനുവദിച്ചിരുന്ന 10 ഡിവിഷനുകളിൽ നിന്നും യു.പി.-യിലെ 2 ഡിവിഷൻ ഒഴിവാക്കി 8 ഡിവിഷൻ മാത്രം അനുവദിക്കുകയും ചെയ്തു. 2023-24 വർഷത്തെ തസ്തിക നിർണയത്തിൽ, ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 14 ക്ലാസ്സ് മുറികളിൽ 4 എക്സ്ട്രാ സ്പേസ് ഒഴിവാക്കി, 2022-23-ൽ കുറവ് ചെയ്ത 2 ഡിവിഷനുകൾ അധിക ഡിവിഷനുകളായി അനുവദിച്ചു.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം തസ്തിക പുനർനിർണയിച്ച് 5 ക്ലാസ്സ് ഡിവിഷനുകളും 5 യു.പി.എസ്.റ്റി. തസ്തികകളും അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, 2023-24 വർഷവും 5 ക്ലാസ്സ് ഡിവിഷനുകളും 5 യു.പി.എസ്.റ്റി. തസ്തികകളും അംഗീകരിക്കാവുന്നതും 2 യു.പി.എസ്.റ്റി. തസ്തിക അധിക തസ്തികയായി അംഗീകരിച്ച നടപടി പുന:പരിശോധിക്കാവുന്നതുമാണ്."

4. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ചലഞ്ച് ഫണ്ട് അനുവദിച്ചതിനെ തുടർന്ന് പഴയ കെട്ടിടം പൊളിക്കുകയും കുട്ടികളെ പള്ളിവക കെട്ടിടത്തിൽ ക്രമീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി കെട്ടിടത്തിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസമാണ് ടി സ്കൂളിലെ 2 ഡിവിഷനും തസ്തികയും കുറയ്ക്കുന്ന നടപടിയിലേയ്ക്ക് വിദ്യാഭ്യാസ അധികൃതരെ നയിച്ചിട്ടുള്ളത്. പിന്നീട് ടി കാലതാമസം മാപ്പാക്കുകയും 2019-20 വർഷത്തെ ഡിവിഷനുകളും തസ്തികയും 2022-23-ലും അനുവദിക്കുകയും ചെയ്തു. 2022-23-ൽ കുറവ് ചെയ്തിരുന്ന 2 ഡിവിഷനുകൾ അധിക ഡിവിഷനുകളായി അനുവദിക്കുന്നതിന് 2023-24-ൽ ശിപാർശ ചെയ്യുകയും അതിനനുസരിച്ച് അധിക ഡിവിഷനുകളായി തന്നെയാണ് അനുവദിക്കുകയും ചെയ്തിട്ടുള്ളത്.

5.2022-23 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ നേരത്തേ കുറവ് ചെയ്തിരുന്ന 2 യു.പി. ഡിവിഷനുകൾ വീണ്ടും അനുവദിച്ചുത്തരവാകുകയും ടി വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് യു.പി. വിഭാഗത്തിൽ 5 ക്ലാസ്സ് ഡിവിഷനുകളും 5 യു.പി.എസ്.റ്റി. തസ്തികളും തുടർന്നും അനുവദിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടി തസ്തികകൾ 2019-2020 വർഷം മുതൽ തുടർന്നു വരുന്നതായി കണക്കാക്കാവുന്നതാണ്. ആയതിനാൽ 2022-2023 വർഷം കുറവ് ചെയ്ത 2 യു.പി.എസ്.റ്റി. തസ്തികകൾ 2023-2024 വർഷം അധിക തസ്തികകൾ ആയി കണക്കാക്കി അംഗീകരിച്ച നടപടി പുന:പരിശോധിച്ച് ടി തസ്തികകൾ തുടർന്ന് വരുന്ന സ്ഥിരം തസ്തികകളായി തന്നെ പരിഗണിക്കുവാൻ വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, ചങ്ങനാശേരി അതിരൂപതാ, പാസ്റ്ററൽ സെന്റർ, ചങ്ങനാശേരി, കോട്ടയം 686 101.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/41/2025/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 17-12-2025 14:08:00
സെക്ഷൻ ഓഫീസർ